**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ നവാസ് കിഴക്കയിൽ, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. എ5/13635/2020/ജിമെആ കണ്ണൂർ തീയതി. 04.11.2020

2.. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 81407/2020/ആവഡ തീയതി 23.02.2021

3. ഇഎ4- 23137/2022/ആവഡ തീയതി 14.11.2022

4 . ഡോ നവാസ് കിഴക്കയിൽ സമർപ്പിച്ച അപേക്ഷ തീയതി 26.04.2023

**ഉത്തരവ് നം. DHS/8851/2025-EA4 തീയതി. 08-12-2025**

ഡോ നവാസ് കിഴക്കയിൽ (D r Navas Kizhakkail), 05.09.2020 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കണ്ണൂർ ആഴീക്കോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 15.09.2020 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. ഡോ നവാസ് കിഴക്കയിൽ ടി നോട്ടീസിനോട് പ്രതികരിച്ചിരുന്നില്ല. അനധികൃതാവധിയ്ക്കുശേഷം

തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് സ ഉ (സാധാ) നം **55/2020/**ആകുവ തീയതി **16.09.2020** സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദിഷ്ടമാതൃകയിലുള്ള ബോണ്ട് **25.11.2022** തീയതിയ്ക്കകം ലഭ്യമാക്കുന്നതിന് പരാമർശം **(4)** പ്രകാരം ടിയാൾക്ക് അറിയിപ്പ് നൽകിയിരുന്നു. തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് **26.04.2023** തീയതി രേഖപ്പെടുത്തി പരാമർശം **(5)** പ്രകാരം ഡോ നവാസ് കിഴക്കയിൽ അപേക്ഷ സമർപ്പിച്ചു.

**(2)** ഡോ നവാസ് കിഴക്കയിൽ, അസിസ്റ്റന്റ് സർജൻ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. വിദേശത്ത് ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ബോണ്ട് അടിസ്ഥാനത്തിലുള്ള ജോലിയിൽ ആയിരുന്നതിനാലും അവിടുത്തെ ബാങ്കുമായി ബന്ധപ്പെട്ട് സാമ്പത്തിക ബാധ്യത നിലനിന്നിരുന്നതിനാലും പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് മുൻപ് തന്നെ തിരികെ പോകേണ്ടി വന്നതായും ആരോഗ്യ വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകണമെന്നും അറിയിച്ചു. ബോണ്ട് സമർപ്പക്കുന്നതിനുള്ള സന്നദ്ധത ഡോ നവാസ് കിഴക്കയിൽ രേഖപ്പെടുത്തിയിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ഡോ നവാസ് കിഴക്കയിൽ ന് തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് അവസരം നൽകിയിരുന്നെങ്കിലും യഥാസമയം ടി അവസരം പ്രയോജനപ്പെടുത്തിയിട്ടില്ല. ആയതിനാൽ പരാമർശം **(5)** ലെ അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല. ടി സാഹചര്യത്തിൽ **15.09.2020** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ നവാസ് കിഴക്കയിൽ അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(3).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ നവാസ് കിഴക്കയിൽ അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 08-12-2025 16:25:43 **Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ നവാസ് കിഴക്കയിൽ,

കിഴക്കയിൽ ആയഞ്ചേരി, തറോപ്പൊയിൽ പി ഒ,

കോഴിക്കോട്- 673541

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

കണ്ണൂർ

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

കുടുംബാരോഗ്യ കേന്ദ്രം അഴീക്കോട്, കണ്ണൂർ.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ